# ഡന്മാർക്കിലെ കാർട്ടൂണും, മുസ്ലിംകളുടെ പ്രതികരണവും

وَمَآ أَرْسَلْنٰكَ إِلَّا رَحْمَةً لِّلْعٰلَمِيْنَ

**നാം** നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്. (21:108)

إِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ يٰٓأَيُّهَا الَّذِيْنَ
آمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا
إِنَّ الَّذِيْنَ يُؤْذُوْنَ اللّٰهَ وَرَسُوْلَهٗ لَعَنَهُمُ اللّٰهُ فِي
الدُّنْيَا وَالْآخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِيْنًا

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹാശംസകൾ നേരുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻവേണ്ടി നിങ്ങളും പ്രാർത്ഥിക്കുക. അല്ലാഹുവിനേയും അവന്റെ ദൂതനേയും ശല്യപ്പെടുത്തുന്നവരാരോ നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവനൊരുക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. (33:57, 58)

ഈയിടെയായി ഡന്മാർക്കിലേയും ചില പാശ്ചാത്യരാജ്യങ്ങളിലേയും പത്രങ്ങളിൽ നബി(സ) തിരുമേനിയെക്കുറിച്ച് അങ്ങേയറ്റം വൃത്തികെട്ടതും, മുസ്ലിംകളുടെ ഹൃദയത്തെ വ്രണപ്പെടുത്തുന്നതുമായ കാർട്ടൂൺ പ്രസിദ്ധീകരിച്ചതിനെ തുടർന്ന് മുഴുവൻ ഇസ്ലാമികലോകത്തും ദുഃഖത്തിന്റേയും കോപത്തിന്റേയും തിരകൾ അടിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. എല്ലാ മുസ്ലിംകളും ഇതിന്നെതിരെ പ്രതികരിച്ചുകൊണ്ടിരിക്കുന്നു. എന്തായാലും സ്വാഭാവികമായും ഇതിന്നെതിരെ പ്രതികരണമുണ്ടാകേണ്ടതു തന്നെയായിരുന്നു. അഹ്മദികൾ തീർച്ചയായും മറ്റുള്ളവരെക്കാൾ നബി(സ) തിരുമേനിയെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നവരാണ്. കാരണം വാഗ്ദത്ത മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദി(അ)നെ വിശ്വസിച്ച കാരണത്താൽ ഹസ്റത്ത് ഖാത്തമുൽ അമ്പിയാ(സ)യുടെ ഉന്നതസ്ഥാനത്തെ കുറിച്ചുള്ള ഉള്ളറിവും ബോധവും അവർക്കുണ്ട്. അത് മറ്റുള്ളവരെ അപേക്ഷിച്ച് വളരെയധികവുമാണ്. പല അഹ്മദികളും കത്തുകൾ മുഖേനയും മറ്റും മഹാനായ നബി (സ) തിരുമേനിയുടെ സ്ഥാനമെന്താണെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കാൻ സ്ഥിരസംവിധാനം വേണമെന്ന് അഭിപ്രായപ്പെടുന്നു. ഈ ജോലി ജമാഅത്ത് എവിടെയെല്ലാം പ്രവർത്തനനിരതമാണോ അവിടെയെല്ലാം ചെയ്തുവരുന്നുണ്ട്. എന്നാൽ, നമുക്കറിയാം നമ്മുടെ പ്രതികരണം ഒരിക്കലും ഹർത്താലിന്റെ രൂപത്തിലായിരിക്കുകയില്ല. തീവയ്ക്കുന്ന രൂപത്തിലും ആയിരിക്കുകയില്ല. ഹർത്താലുകളും സാധനങ്ങൾ നശിപ്പിക്കലും കൊടി കത്തിക്കലും ഇതിന് പരിഹാരവുമല്ല. പൗരസ്ത്യ പാശ്ചാത്യ രാജ്യങ്ങളിലെ മറ്റു മതസ്ഥർ ഇസ്ലാമിന്റെമേലും നബി(സ) തിരുമേനിയുടെമേലും ആക്ഷേപം ഉന്നയിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഉന്നയിച്ചുകൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ പാശ്ചാത്യർക്ക് മതപരമായ കാര്യങ്ങളിൽ ഒരു താൽപര്യവും ഇല്ലാതായിരിക്കുന്നു. ലോകത്തെ സുഖാഢംബരങ്ങളിലാണ് അവരിലധികവും മുഴുകിയിട്ടുള്ളത്. ഇതെത്രത്തോളമാണെന്ന് വെച്ചാൽ ഇസ്ലാമാണെങ്കിലും അവരുടെ സ്വന്തം മതമായ ക്രിസ്തുമതമാണെങ്കിലും അവർക്കത് പ്രശ്നമേയല്ല. മതപരമായ കാര്യങ്ങളുമായി അവർക്ക് ഒരു ബന്ധവും ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. മതത്തിന്റെ പരിശുദ്ധിയുടെ ബോധം അധികമാളുകളിലും അവസാനിച്ചുപോയിരിക്കുന്നു. ഞങ്ങൾക്കു തോന്നുകയാണെങ്കിൽ നഊദുബില്ലാഹ് അല്ലാഹുവിന്റെ കാർട്ടൂൺ ഉണ്ടാക്കാനും ഞങ്ങൾക്ക് അവകാശമുണ്ടെന്ന മറ്റൊരു പത്രവാർത്തയും കഴിഞ്ഞ ദിവസം വന്നിരുന്നു. ഇതായിത്തീർന്നിരിക്കുന്നു ഇവരുടെ അവസ്ഥ.

അങ്ങേയറ്റം ദുഷിച്ച പ്രവൃത്തി ചെയ്യുകയും അത്തരം ചിന്താഗതികൾ വെച്ചുപുലർത്തുകയും ചെയ്തയാളുകൾ വരച്ച ഈ കാർട്ടൂണും അതിനുണ്ടായ ഇസ്ലാമികലോകത്തെ പ്രതികരണവും കണ്ട് പല എഴുത്തുകാരും "ഈ പ്രത്യാഘാതം ഇസ്ലാമികസമൂഹവും പാശ്ചാത്യമതേതര ജനാധിപത്യവും തമ്മിലുള്ള സംഘട്ടനമാണ്" എന്ന് എഴുതുകയുണ്ടായി. വാസ്തവത്തിൽ ഇതിന് സമൂഹവുമായി ഒരു ബന്ധവുമില്ല. ഇപ്പോൾ അവരിൽ അധികമാളുകളു

ടെയും ധാർമ്മികത ഞാൻ പറഞ്ഞതുപോലെ പറന്ന കന്നുപോയിരിക്കുകയാണ്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ നാണംകെട്ട പ്രവൃത്തികൾ ചെയ്തു കൊണ്ടിരിക്കുന്നു. ഏതാണ്ട് പൂർണ്ണമായും ലജ്ജ ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. എന്തായാലും ഇക്കാര്യത്തിലും അവരിൽനിന്നുതന്നെയുള്ള ചില മാന്യന്മാരും നീതിബോധവുമുള്ള എഴുത്തുകാരും 'ഇസ്‌ലാമിക സമൂഹവും പാശ്ചാത്യമതേതര ജനാധിപത്യവും തമ്മിലുള്ള പോരാട്ടമാണ്' എന്ന വീക്ഷണഗതി തെറ്റാണെന്ന് തുറന്നു പറഞ്ഞുകഴിഞ്ഞു.

ഇംഗ്ലണ്ടിലെ ഒരു കോളം എഴുത്തുകാരനായ റോബർട്ട് ഫിസ്ക് തന്റെ കോളത്തിൽ ഇത് 'ഇസ്‌ലാമിക സമൂഹവും പാശ്ചാത്യമതേതര ജനാധിപത്യവും തമ്മിലുള്ള പോരാട്ടമാണ്' എന്ന് ഒരു ഡന്മാർക്കുകാരനെഴുതിയ അഭിപ്രായത്തിന്നെതിരെ പ്രതികരിച്ചതിങ്ങനെയാണ്. ഇത് തികച്ചും തെറ്റായ കാര്യമാണ്. ഇത് ഏതെങ്കിലും സംസ്കാരമോ മതേതരത്വമോ തമ്മിലുള്ള സംഘട്ടനമല്ല. ഇത് ആവിഷ്ക്കാര സ്വാതന്ത്ര്യം എന്ന വിഷയവുമല്ല. കാര്യമെന്താണെന്നുവെച്ചാൽ, മുസ്‌ലിംകളുടെ വിശ്വാസപ്രകാരം നബിയുടെമേൽ അല്ലാഹു നേരിട്ട് തന്റെ അധ്യാപനങ്ങൾ ഇറക്കി. അദ്ദേഹം ഭൂമിയിൽ അല്ലാഹുവിന്റെ കാര്യങ്ങൾ ജനങ്ങൾക്ക് വിവരിച്ചുകൊടുക്കുന്ന ആളാണ്. ക്രിസ്ത്യാനികൾ മനസ്സിലാക്കുന്നത് (ക്രിസ്ത്യാനി എഴുത്തുകാരൻ എഴുതുന്നു) നബിമാരുടെയും വലിയ്യുമാരുടേയും അധ്യാപനങ്ങൾ മാനുഷികമായ മൗലിക അവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടേയും ആധുനിക സങ്കല്പങ്ങളിൽ അപ്രധാനമായ കാരണത്താൽ ചരിത്രത്തിന്റെ കയങ്ങളിൽ അത് മറഞ്ഞുപോയിരിക്കുന്നു. മുസ്‌ലിംകൾ മതത്തെ തങ്ങളുടെ ജീവിതത്തിന്റെ ശിരസ്സായിട്ടാണ് മനസ്സിലാക്കുന്നത്. നൂറ്റാണ്ടുകളുടെ യാത്രയും മാറ്റങ്ങളുമൊക്കെ ഉണ്ടായിട്ടും അവരുടെ ഈ ചിന്താഗതി ഇന്നും നിലനില്ക്കുന്നു. എന്നാൽ നമ്മൾ പ്രാവർത്തികമായിട്ടുതന്നെ മതത്തെ ജീവിതത്തിൽനിന്ന് മാറ്റിനിറുത്തി. അതുകൊണ്ട് നാം ഇപ്പോൾ ക്രിസ്തുമതവും ഇസ്‌ലാമുമായിട്ടുള്ള പോരാട്ടത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ നമുക്ക് നമ്മുടെ നബിമാരേയും അവരുടെ അധ്യാപനങ്ങളേയും പരിഹസിക്കാമെങ്കിൽ മറ്റു മതസ്ഥാപകരെ എന്തുകൊണ്ട് അങ്ങനെ ചെയ്തുകൂടാ.

വീണ്ടുമെഴുതുന്നു: "ഈ പ്രവർത്തനരീതി യഥാർത്ഥത്തിൽ സ്വതവേ ഉണ്ടായതാണോ? പറയുന്നു: ഞാൻ ഓർക്കുകയാണ്. 10, 12 വർഷം മുമ്പേ ലാസ്റ്റ് അമ്പീഷൻ ഓഫ് ക്രൈസ്റ്റ് എന്ന ഒരു സിനിമ റിലീസായി. അതിൽ ഹസ്റത്ത് ഈസായെ ഒരു സ്ത്രീയോടൊപ്പം ആക്ഷേപകരമായ നിലയിൽ ചിത്രീകരിച്ചിരുന്നു. തൽഫലമായി ബഹളം പൊട്ടിപുറപ്പെട്ടു. കോപാകുലനായൊരു വ്യക്തി ആ ഫിലിം കത്തിച്ചു. ഫ്രാൻസുകാരനായ ഒരു യുവാവ് വധിക്കപ്പെട്ടു. ഇതിന്റെ അർത്ഥമെന്താണ്? ഒരുഭാഗത്ത് നമ്മളിൽപ്പെട്ട ചിലർ നമ്മുടെ മതവികാരത്തെ നിന്ദിക്കുന്നത് സഹിക്കാൻ തയ്യാറാകുന്നില്ല. എന്നിട്ട്, മറുഭാഗത്ത് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇത്തരം തരംതാണ കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുമ്പോൾ മുസ്‌ലിംകൾ ക്ഷമിക്കണമെന്നു പറയുന്നത് ശരിയായ രീതിയാണോ?

"ഇത്തരം വിവാദപരമായ കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുന്നത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിലാണെന്ന് പാശ്ചാത്യ നേതാക്കൾ പറയുമ്പോൾ എനിക്ക് ചിരിവരുന്നു. ഇസ്‌ലാമിന്റെ നബിയ്ക്കു പകരം ബോബ് ഡിസൈനുള്ള തൊപ്പി ഏതെങ്കിലും യഹൂദപുരോഹിതന്റെ തലപ്പാവായി ചിത്രീകരിച്ചാൽ കോലാഹലം ഉണ്ടാകുകയില്ലേ? അതിൽനിന്ന് തീർച്ചയായും ആന്റി സെമിറ്റിസത്തിന്റെ ദുർഗന്ധം ഉണ്ടാകും. അതായത്, യഹൂദികൾക്കെതിരിൽ എതിതിർപ്പിന്റെ ദുർഗന്ധം വമിക്കും. യഹൂദികളുടെ അഭിമാനം വ്രണപ്പെടും.

"ഈ കാർട്ടൂണുകളിലൂടെ ഇസ്‌ലാം ഒരു ഭീകരവാദമതമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമല്ലാതെ മറ്റെന്താണ് ഉദ്ദേശിക്കുന്നത്. കോപാഗ്നി പരത്തുകയല്ലാതെ എന്തു പ്രയോജനമാണ് ഈ കാർട്ടൂൺ കൊണ്ടുണ്ടായത്."

ഇക്കൂട്ടരിൽ ഇത്തരം കാര്യങ്ങൾ വിവരിക്കാനറിയുന്ന മാന്യരായ വ്യക്തികളുമുണ്ട്. മുസ്‌ലിംകളും യൂറോപ്യൻരാജ്യത്തിലെ സർക്കാർ പ്രതിനിധികളും പത്രപ്രതിനിധികളും എങ്ങനെ പ്രതികരിച്ചു എന്നതിന്റെ റിപ്പോർട്ടുകൾ ഞാൻ വിവിധ രാജ്യങ്ങളിൽനിന്ന് വരുത്തുകയുണ്ടായി. അവരിൽ ഈ പത്രത്തിന്റെ ചെയ്തിയെ ഇഷ്ടപ്പെടാത്ത ധാരാളമാളുകളുണ്ട്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ എവിടെനിന്നെങ്കിലും കലഹത്തിനുകാരണമാകുന്ന വർത്തമാനമുണ്ടാകുമ്പോൾ, ഈ വൃത്തികെട്ട ബുദ്ധിമാന്മാരുടെ ബുദ്ധിയിലുള്ള മാലിന്യങ്ങൾ പുറത്തുവരുന്നതായി കാണാൻ കഴിയുന്നു.

ഇസ്‌ലാമിനോടുള്ള വിദ്വേഷവും മതപരമായ ഏകപക്ഷീയതയും പ്രകടമാകുന്നു. പക്ഷേ, നിർഭാഗ്യവശാൽ ചില മുസ്‌ലിം നേതാക്കളുടെ തെറ്റായ പ്രതികരണംകൊണ്ട് ഇക്കൂട്ടർക്ക് ഇസ്‌ലാമിനെ

ആക്ഷേപിക്കാനുള്ള അവസരം ലഭിക്കുന്നുവെന്നാണ് ഞാൻ പറയുന്നത്. ഇക്കാര്യങ്ങളിൽനിന്നു തന്നെയാണ് എതിരാളികൾ ഫലം കൊയ്യുന്നതും. പൊതുജീവിതത്തിൽ മുസ്‌ലിംകളെന്ന് പറയുന്നവരുടെ പ്രവർത്തനവും ഇവിടത്തെ ഭരണകൂടത്തെ തൃപ്തിപ്പെടുത്തുന്നതല്ല.

ഉദാഹരണത്തിന് ജോലി ചെയ്യാതെ വീട്ടിൽ കുത്തിയിരിക്കുക. അല്ലെങ്കിൽ അനുവദനീയമല്ലാത്ത പ്രവൃത്തി ചെയ്യുക. ഇല്ലെങ്കിൽ ടാക്സ് വെട്ടിപ്പു നടത്തുക. ഇത്തരത്തിലുള്ള വേറെ ഒരുപാട് തെറ്റായ പ്രവൃത്തികളുമുണ്ട്. ഈ അവസരങ്ങൾ മുസ്‌ലിംകൾ തന്നെയാണ് സംഘടിപ്പിച്ചുകൊടുക്കുന്നത്. സമർത്ഥരായ ഈ ജനത അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ചിലപ്പോൾ അക്രമം ഉണ്ടാകുന്നത് അവരിൽനിന്നായിരിക്കും. പക്ഷേ, മുസ്‌ലിംകളുടെ തെറ്റായ പ്രതികരണം കാരണത്താൽ മർദ്ദിതരും അവർതന്നെയായിത്തീരുന്നു. മുസ്‌ലിംകളെ മർദ്ദകരാക്കുകയും ചെയ്യുന്നു. മുസ്‌ലിംകളിലെ ഭൂരിപക്ഷമാളുകളും ഈ നശീകരണപ്രവർത്തനത്തെ ഇഷ്ടപ്പെടുന്നവരല്ല എന്നതുശരിതന്നെ. പക്ഷേ, കുഴപ്പക്കാരായ ചില മതനേതാക്കന്മാർ ദുഷ്പേരുണ്ടാക്കുകയാണ് ചെയ്യുന്നത്. ഡന്മാർക്കിൽനിന്നുള്ള ഒരു റിപ്പോർട്ട് ഇതിനുദാഹരണമാണ്. ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം അവർക്കെത്തുന്നതിനും അക്രമങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനും വേണ്ടി പത്രങ്ങളുടെ ഖേദപ്രകടനത്തിനുശേഷം മുസ്‌ലിംകൾ അതംഗീകരിക്കണമെന്നും സമാധാനം സ്ഥാപിക്കാൻ ശ്രമിക്കണമെന്നും എന്നെന്നേക്കുമായി ഈ പ്രശ്നം അവസാനിപ്പിക്കണമെന്നുമാണ് ഡാനിഷ് ജനതയുടെ അഭിപ്രായം. ടിവിയിൽ ഇതു സംബന്ധമായി പരിപാടികൾ വന്നു. ഇവിടത്തെ കുട്ടികൾ ഡാനിഷുകാർക്കെതിരിലുള്ള പ്രതികരണം കണ്ടുകൊണ്ട്- അവരുടെ ദേശീയപതാകയും എംബസിയുമൊക്കെ കത്തിക്കുന്നതുകണ്ട് വളരെ ഭയപ്പെട്ടിരിക്കുകയാണ്. യുദ്ധം ഉണ്ടാകാൻ പോകുന്നുവെന്നും അവരെ കൊല്ലാനുള്ള ഭീഷണിയാണിതെന്നുമൊക്കെ അവർ കരുതുന്നു. സാധാരണക്കാരും ചില ശാസ്ത്രജ്ഞന്മാരും ഈ കാർട്ടൂൺ കണ്ട് വെറുപ്പു പ്രകടിപ്പിച്ചിരിക്കുകയാണ്. മുസ്‌ലിംകളുടെ വികാരത്തെ വ്രണപ്പെടുത്തിയതിനു പകരം ഒരു വലിയ പള്ളി നിർമ്മിച്ച് മുസ്‌ലിംകൾക്ക് കൊടുക്കണമെന്നുപോലും അഭിപ്രായം ഉയർന്നിരിക്കുകയാണ്; ഇവിടത്തെയാളുകൾതന്നെ അതിന്റെ ചെലവും വഹിക്കണം. കോപ്പൻഹേഗിലെ സുപ്രീം മേയർക്ക് ഈ അഭിപ്രായം ഇഷ്ടപ്പെട്ടിരിക്കുന്നു.

മുസ്‌ലിംകളിലെ ഭൂരിപക്ഷമാളുകളും പത്രക്കാരുടെ ഖേദപ്രകടനം അംഗീകരിക്കണമെന്ന അഭിപ്രായക്കാരാണ്. പക്ഷേ, 27 മുസ്‌ലിം സംഘടനകളുടെ പ്രതിനിധി, പറയുന്നത് പത്രങ്ങൾ ഖേദം പ്രകടിപ്പിച്ചുവെങ്കിലും, അവർ നമ്മുടെ മുമ്പിൽ വന്ന് നേരിട്ട് മാപ്പുചോദിക്കുകയാണെങ്കിൽ തങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളിൽ പോയി ഈ പ്രശ്നം അവസാനിപ്പിക്കാൻ പറയാമെന്നാണ്. പ്രശ്നം എത്രയും വേഗം പരിഹരിക്കുന്നതിനു പകരം കുഴപ്പമുണ്ടാക്കുന്നതിലേക്കാണ് ഇവർ ചായുന്നത്. അഹ്‌മദിയ്യാ ജമാഅത്തിന് ഈ കലഹങ്ങളുമായി ഒരുബന്ധവുമില്ല. ചില എതിരാളികൾ തങ്ങൾ ഇങ്ങനെ ചെയ്യും അങ്ങനെ ചെയ്യുമെന്ന് പറഞ്ഞ് നമ്മുടെ മിഷൻഹൗസിലേക്ക് ഫോൺ ചെയ്യുന്നു. ഭീഷണിപ്പെടുത്തിക്കൊണ്ടുള്ള കത്തുകൾ വരുന്നു. എവിടെയൊക്കെ ജമാഅത്തിന്റെ മിഷനും പള്ളികളുമുണ്ടോ അവയെ അല്ലാഹു സുരക്ഷിതമായി വയ്ക്കുമാറാകട്ടെ. ഇവരുടെ ഉപദ്രവത്തിൽനിന്ന് രക്ഷിക്കുമാറാകട്ടെ.

തെറ്റായ പ്രതികരണമുണ്ടാകുമ്പോൾ മറുപക്ഷത്തുനിന്നും തെറ്റായ പ്രകടനമുണ്ടാകുന്നതാണ്. അക്രമമാണ് കാണിച്ചതെങ്കിലും അവസാനം അവർ അതിൽനിന്ന് പിന്മാറി. എന്നാൽ മുസ്‌ലിംകൾ അതംഗീകരിക്കാത്തതുകൊണ്ട് ഇവർ മർദ്ദകരായിട്ടും, മർദ്ദിതരായി മാറുന്നു.

നോക്കുക. ഡൻമാർക്കിൽ അവർ മാപ്പുചോദിക്കുന്നു. മുസ്‌ലിം ലീഡർമാർ പിടിവാശിയിൽ നില്ക്കുന്നു. അതുകൊണ്ട് മുസ്‌ലിംകളും അല്പം ബുദ്ധിയോടുകൂടി പെരുമാറേണ്ടതാണ്. അവരുടെ പ്രതികരണരീതി മാറ്റേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ നമ്മുടെ ഹൃദയം ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ ദുഃഖിക്കുന്നുണ്ട്. പക്ഷേ, നമ്മുടെ പ്രതികരണരീതി മറ്റൊന്നാണ്. എപ്പോഴുമെന്നപോലെ ഇനിയും ഇത്തരം പ്രവർത്തനം ഇടയ്ക്കിടെ ഉണ്ടായിക്കൂടായ്കയില്ലെന്ന് പറയാനും ഞാനാഗ്രഹിക്കുന്നു. മുസ്‌ലിംകളുടെ വികാരത്തെ വ്രണപ്പെടുത്തുന്ന പ്രവൃത്തിയെന്തെങ്കിലും ഇനിയും ഉണ്ടാകാം. അതിന്റെ പിന്നിൽ ഒരു ഉദ്ദേശ്യവും ഉണ്ടാകാം. പൗരസ്ത്യദിക്കുകളിൽനിന്ന് പ്രത്യേകിച്ച് ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിൽനിന്നും ഇവിടെ വരുന്ന മുസ്‌ലിംകളെ നിയമപരമായി തടയാനുള്ള ശ്രമവും നടന്നേക്കാം. എന്തായാലും ഇവർ നിയമപരമായി നിയന്ത്രണം ഏർപ്പെടുത്തിയാലും ഇല്ലെങ്കിലും നമുക്ക് നമ്മുടെ നടപടി ഇസ്‌ലാമിക മൂല്യങ്ങളും അധ്യാപനങ്ങളും അനുസരിച്ച് മാറ്റേണ്ടതാണ്. ഇസ്‌ലാമിനും മുഹമ്മദ് മുസ്തഫാ(സ) തിരുമേനിക്കുമെതിരെ ആരംഭകാലം മുതലേ ഈ തന്ത്രം നടന്നു

വരുന്നതാണ്. പക്ഷേ, അല്ലാഹുവാണ് അതിനെ സംരക്ഷിക്കേണ്ടത്. അതവന്റെ വാഗ്ദാനവുമാണ്. അതുകൊണ്ട് അവൻ അത് സംരക്ഷിച്ചുപോരുന്നു. ശത്രുക്കളുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെടുന്നു. ഇക്കാലഘട്ടത്തിൽ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ ഈ ഉദ്ദേശ്യത്തിനായി നിയോഗിച്ചയച്ചിരിക്കുന്നു. ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെമേൽ ആക്രമണമുണ്ടായപ്പോഴെല്ലാം ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം പിന്നീട് ആ പാഠമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവിടത്തെ ഖലീഫമാരും ജമാഅത്തിനെ നയിക്കുകയും അതിനെതിരെ പ്രതികരിക്കുകയും ചെയ്തു.

നബി(സ) തിരുമേനിയുടെമേൽ എതിരാളികൾ ചെളി വാരിയെറിയുമ്പോൾ അതിനെ എതിർക്കാൻ തങ്ങളോടൊപ്പം നില്ക്കാത്ത അഹ്മദികൾ, നബി(സ) തിരുമേനിയെ ആരെങ്കിലും ആക്ഷേപിക്കുന്നതുകൊണ്ട് തങ്ങൾക്ക് ഒരു വേദനയുമില്ലെന്ന് സ്വകർമ്മം കൊണ്ട് സ്ഥാപിച്ചുകാണിക്കുകയാണ് ചെയ്യുന്നതെന്ന് മുസ്ലിംകൾ പറയുന്നു. അത്തരം ആക്ഷേപം ഉന്നയിക്കുന്ന മുസ്ലിംകൾക്ക് അഹ്മദിയ്യത്തിന്റെ പൂർവ്വകാലചരിത്രം മനസ്സിലാക്കിക്കൊടുക്കുന്നതിനാണ് ഞാനിത് പറയുന്നത്. നബി(സ) തിരുമേനിയുടെ പരിശുദ്ധ അദ്ധ്യാപനങ്ങളും മാതൃകയും വിശുദ്ധഖുർആന്റെ പാഠവും പ്രകടമാകുന്നവിധത്തിലുള്ളതാണ് നമ്മുടെ പ്രതികരണം. അങ്ങനെതന്നെയാണ് പ്രതികരിക്കേണ്ടതും. നബി(സ) തിരുമേനിയുടെ മേലുണ്ടാകുന്ന അവിശുദ്ധ ആക്രമണം കണ്ടുകൊണ്ട്, നശീകരണപ്രവർത്തനങ്ങൾ ചെയ്യുന്നതിനു പകരം അല്ലാഹുവിന്റെ സന്നിധിയിൽ കുനിഞ്ഞുകൊണ്ട്, അവനോട് സഹായം തേടുന്നവരായി നാം തീരേണ്ടതാണ്. നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് റസൂലിനോടുള്ള സ്നേഹത്തിനും അഭിമാനത്തിനുമുള്ള രണ്ടുദാഹരണം പറയാം.

ആദ്യത്തെ ഉദാഹരണം അബ്ദുല്ലാ ആഥമിന്റേതാണ്. അദ്ദേഹം ക്രിസ്ത്യാനിയായിരുന്നു. ഇയാൾ തന്റെ ഗ്രന്ഥത്തിൽ നബി(സ) തിരുമേനിയെ സംബന്ധിച്ച്, തന്റെ വൃത്തികെട്ട ബുദ്ധി പ്രകടിപ്പിച്ചുകൊണ്ട് ദജ്ജാൽ എന്ന പദം നഊദുബില്ലാഹ് ഉപയോഗിച്ചു. ആ സമയത്ത് ഹസ്റത്ത് മസീഹ് മൗഊദു(അ)മായി ഇസ്ലാമും- ക്രിസ്ത്യാനികളും എന്ന വിഷയത്തിൽ സംവാദവും നടക്കുന്നുണ്ടായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അങ്ങനെ ഞാൻ 15 ദിവസം വരെ വാദപ്രതിവാദത്തിൽ മുഴുകി. രഹസ്യമായിട്ട് ആഥമിന്റെ പരാജയത്തിനായി ദുആ ചെയ്തുകൊണ്ടിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വാദപ്രതിവാദം അവസാനിച്ചപ്പോൾ ഞാൻ അയാളോടു പറഞ്ഞു: ഒരു സംവാദം സമാപിച്ചു. പക്ഷേ, വേറൊരുതരത്തിലുള്ള പോരാട്ടം അവശേഷിക്കുന്നു. അത് അല്ലാഹുവിൽനിന്ന് വരാനുള്ളതാണ്. അതെന്താണെന്നുവെച്ചാൽ, താങ്കൾ, താങ്കളുടെ ഗ്രന്ഥമായ അൻദറോനെ ബൈബിളിൽ നമ്മുടെ നബി(സ) തിരുമേനിയെ ദജ്ജാലെന്ന് വിളിച്ചിരിക്കുന്നു. ഞാൻ നബി(സ) തിരുമേനിയെ സത്യവാനായി മനസ്സിലാക്കുന്നു. ഇസ്ലാംമതം അല്ലാഹുവിൽനിന്നുള്ളതാണെന്ന് ദൃഢമായും വിശ്വസിക്കുന്നു. ഈ പോരാട്ടത്തിന് തീർപ്പ് കല്പിക്കുന്നത് അല്ലാഹുവായിരിക്കും. ആ ദൈവവിധി എന്താണെന്നുവെച്ചാൽ നമ്മൾ രണ്ടുപേരിൽ ആരാണോ കളവ് പറയുന്നത്, അന്യായമായി നബിയെ കള്ളനെന്നും ദജ്ജാലെന്നും പറയുന്നത്, സത്യത്തിന്റെ ശത്രു ആയിരിക്കുന്നത് അവൻ ഇന്നുമുതൽ 15 മാസത്തിനുള്ളിൽ സത്യത്തിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നില്ലെങ്കിൽ അതായത് സാത്വികനും സത്യസന്ധനുമായ നബിയെ ദജ്ജാൽ എന്നു വിളിക്കുന്നതിൽനിന്ന് പിൻവാങ്ങുന്നില്ലെങ്കിൽ നിർഭയത്വവും അസഭ്യവർത്തമാനവും ഉപേക്ഷിക്കുന്നില്ലെങ്കിൽ സത്യവാന്റെ ജീവിതത്തിൽ തന്നെ 'ഹാവിയ'യിൽ (നരകത്തിൽ) പതിക്കുന്നതാണ്. ഇത് പറയാൻ കാരണം ഏതെങ്കിലും ഒരു മതത്തെ നിഷേധിക്കുന്നത് ലോകത്ത് ശിക്ഷ ലഭിക്കുന്നതിന് കാരണമാകുകയില്ല. മറിച്ച് ദൈവഭയമില്ലായ്മയും പൊങ്ങച്ചവും ദുർഭാഷണവുമാണ് ശിക്ഷക്ക് കാരണമായിത്തീരുന്നത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാനിത് പറഞ്ഞപ്പോൾ, അയാൾ വിറകൊള്ളുകയും ഭയപരവശതയാൽ അദ്ദേഹത്തിന്റെ മുഖം വിളറിപ്പോവുകയുമുണ്ടായി. അദ്ദേഹം പൗരസ്ത്യരീതിയിൽ തന്റെ രണ്ടുകൈകളും ചെവിക്കുപിടിച്ചു നാവുനീട്ടുകയും തലയാട്ടുകയും ചെയ്തുകൊണ്ട് താൻ നബിതിരുമേനിയെ അപ്രകാരം ദജ്ജാലെന്ന് പറഞ്ഞിരുന്നില്ലെന്ന് പ്രഖ്യാപിച്ചു. അദ്ദേഹം വീണ്ടും വീണ്ടും ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു. "തൗബാ, തൗബാ! ഞാൻ അനാദരം കാണിച്ചിട്ടില്ല; ഞാൻ നബിയെ ഒരിക്കലും ദജ്ജാൽ എന്നു പറഞ്ഞിട്ടില്ല." ഇതിനുശേഷം അയാൾ ഇസ്ലാമിനെതിരിൽ ഒരിക്കലും സംസാരിച്ചില്ല.

ഇതായിരുന്നു നബി(സ) തിരുമേനിയുടെ കാര്യത്തിൽ അഭിമാനം കൊള്ളുന്ന ദൈവത്തിന്റെ സിംഹത്തിന്റെ പ്രതികരണം.

രണ്ടാമത്തെ വ്യക്തിയായിരുന്നു ലേഖ്റാം. അയാൾ നബി(സ) തിരുമേനിയെ ചീത്ത പറയാറു

ണ്ടായിരുന്നു. അയാളെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ) വളരെ ശ്രമിച്ചു. അയാൾ അതിൽനിന്ന് പിന്മാറിയില്ല. പിന്നീട് അവിടന്ന് ദുആ ചെയ്തു. അല്ലാഹു അയാളുടെ മരണത്തെക്കുറിച്ച് അറിയിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി പറയുന്നു: നബി(സ) തിരുമേനിയെ ചീത്തപറയുകയും അസഭ്യങ്ങൾ പുലമ്പുകയും ചെയ്യുന്ന ശത്രുവായ ലേഖ്റാമിനെക്കുറിച്ച് അല്ലാഹു എന്റെ ദുആ കേട്ടുകൊണ്ട് എന്നോട് വാഗ്ദാനം ചെയ്തു. ഞാനയാൾക്കെതിരെ ദുആ ചെയ്തപ്പോൾ അല്ലാഹു എന്നെ സുവാർത്ത അറിയിച്ചു. അയാൾ 6 വർഷത്തിനുള്ളിൽ നശിക്കുന്നതാണ്. സത്യമതത്തെ അന്വേഷിച്ചുനടക്കുന്നവർക്ക് അടയാളമാണിത്. അങ്ങനെതന്നെ അത് സംഭവിച്ചു. അയാൾ വളരെ ദാരുണമായി മരണപ്പെട്ടു.

ഈ രീതിയാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ പഠിപ്പിച്ചത്. ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്ക് കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുക. നബി(സ) തിരുമേനിയുടെ സ്ഥാനം വിവരിക്കുക. ദുൻയാവിന്റെ കണ്ണിൽനിന്ന് മറഞ്ഞിരിക്കുന്ന ആ മനോഹരമായ ജീവിതം ലോകത്തിന് പറഞ്ഞുകൊടുക്കുക. അല്ലാഹുവിനോട് ദുആ ചെയ്യുക. ഒന്നുകിൽ അല്ലാഹു ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് ഇവരെ മാറ്റിനിറുത്തുമാറാകട്ടെ. അല്ലെങ്കിൽ അവൻതന്നെ ഇവരെ പിടിച്ചൊതുക്കുമാറാകട്ടെ. അല്ലാഹുവിന്റെ പിടിത്തത്തിന് അതിന്റേതായ രീതിയുണ്ട്. ഏതുരീതിയിൽ എങ്ങനെ ഒരുവനെ പിടിക്കണമെന്ന് അവൻ നന്നായിട്ടറിയുന്നു.

രണ്ടാം ഖിലാഫത്തുകാലത്ത് അങ്ങേയറ്റം വൃത്തികെട്ട ഒരു ഗ്രന്ഥം രങ്കീലറസൂൽ എന്ന പേരിൽ എഴുതപ്പെട്ടു. ഒരു മാസികയായ വർത്തമാൻ നിരർത്ഥകമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഇതിൽ ഇന്ത്യയിലെ മുസ്ലിംകളിൽ ഒരാവേശം അലയടിച്ചു. നാലുഭാഗത്തും അത് പ്രകടമായി. ഹസ്റത്ത് മുസ്ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് സാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) മുസ്ലിംകളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: അല്ലയോ സഹോദരന്മാരേ! വേദനനിറഞ്ഞ ഹൃദയത്തോടെ ഞാൻ വീണ്ടും പറയുന്നു: ആക്രമണം നടത്തുന്നവൻ അല്ല ധൈര്യവാൻ. അവൻ ഭീരുവാണ്. കാരണം അവൻ തന്റെ ദോഷപ്രവണമായ ആത്മാവിന് അടിമയാണ്.

ഇത് ഹദീസിൽ പറഞ്ഞതനുസരിച്ചാണ് പറഞ്ഞിട്ടുള്ളത്. ധൈര്യവാൻ, സുസ്ഥിരമായ തീരുമാനം എടുക്കുന്നവനാണ്. അത് പൂർത്തിയാക്കാതെ അവൻ അതിൽനിന്ന് പിന്മാറുകയില്ല. അവിടന്ന് പറഞ്ഞു. ഇസ്ലാമിന്റെ വളർച്ചയ്ക്കായി മൂന്നുകാര്യങ്ങൾ പ്രതിജ്ഞ ചെയ്യുക. ഒന്നാമത്തേത്, ദൈവഭയത്തോടുകൂടി പ്രവർത്തിക്കുമെന്നുള്ള പ്രതിജ്ഞ. ദീനിനെ അശ്രദ്ധയോടുകൂടി കാണുകയില്ല. ആദ്യം സ്വന്തം കർമ്മം നന്നാക്കിത്തീർക്കുക. രണ്ടാമത്തേത് ഇസ്ലാംമത പ്രബോധനം പൂർണ്ണതാല്പര്യത്തോടെ ചെയ്യുന്നതാണെന്ന് പ്രതിജ്ഞ ചെയ്യുക. ഇസ്ലാമിക അധ്യാപനം ലോകത്തെ ഓരോ വ്യക്തിയും അറിയണം. നബി(സ) തിരുമേനിയുടെ മനോഹരമായ ജീവിതത്തെക്കുറിച്ച് ലോകം അറിയണം. മൂന്നാമത്തേത്, സാധാരണ മുസ്ലിംകളെ സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തിൽനിന്ന് രക്ഷിക്കാൻ പൂർണ്ണമായും ശ്രമിക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. എല്ലാ മുസ്ലിംകളുടെയും നിർബന്ധകടമയാണിത്.

നോക്കുക, സ്വാതന്ത്ര്യമുണ്ടായിട്ടും, തങ്ങൾ സ്വതന്ത്രരെന്നു പറയുന്ന ഈ മുസ്ലിം രാഷ്ട്രങ്ങൾ സ്വതന്ത്രരായിരുന്നിട്ടും, ഇപ്പോഴും സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തിന് ഇരയാണ്. ഈ പാശ്ചാത്യജനതയ്ക്ക് വിധേയരാണ്. അവരെ അനുകരിക്കുന്നതിൽ വ്യാപൃതരാണ്. ഒരു ജോലിയും എടുക്കുകയില്ല. എല്ലാം അവരെ ആശ്രയിച്ചാണ് നടക്കുന്നത്. അതുകൊണ്ടാണ് അവർ സന്ദർഭാനുസരണം മുസ്ലിംകളുടെ വികാരത്തെക്കൊണ്ട് കളിച്ചുകൊണ്ടിരിക്കുന്നതും.

പിന്നീട് അവിടന്ന് സീറത്തുനബി സമ്മേളനം നടത്താൻ തുടങ്ങി. പ്രതികരിക്കേണ്ടത് ഈ രീതിയിലാണ്. കുഴപ്പമുണ്ടാക്കുകയും നാശമുണ്ടാക്കുകയും ചെയ്യലല്ല. ഇക്കാര്യങ്ങളിൽ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ സംബോധിതർ അഹ്മദികളാണ്. ഈ രാജ്യങ്ങളിലെ ചില തെറ്റായ പാരമ്പര്യങ്ങൾ, നാം അറിയാതെ നമ്മുടെ കുടുംബങ്ങളിൽ കടന്നുകൊണ്ടിരിക്കുന്നു. ഞാൻ അഹ്മദികളോടു പറയുകയാണ്. ഇവരുടെ സംസ്കാരത്തിന്റെ നല്ല നല്ല കാര്യങ്ങൾ സ്വായത്തമാക്കുകയും തെറ്റായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യേണ്ടതാണ്. നമ്മുടെ പ്രതികരണം, നശീകരണ പ്രവർത്തനത്തിനു പകരം ആത്മപരിശോധന നടത്തേണ്ടതിലേക്ക് ശ്രദ്ധ തിരിയേണ്ടതാണ്. നമ്മുടെ കർമ്മം എങ്ങനെയുള്ളതാണെന്ന് നാം നോക്കുക. നമ്മുടെ ഉള്ളിൽ ദൈവഭയം എത്രയുണ്ട്. അവനെ ആരാധിക്കുന്നതിലും ദീനീപരമായ കല്പനകൾ പാലിക്കുന്നതിലും അല്ലാഹുവിന്റെ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിലും നാം എത്രകണ്ട് ശ്രദ്ധചെലുത്തുന്നുണ്ട്. നാലാം ഖിലാഫത്തിന്റെ കാല

ത്താണ് റുശ്ദി ഗ്രന്ഥമെഴുതിയത്. ആ കാലത്ത് നിന്ദ്യമായ ആ ഗ്രന്ഥത്തിനെതിരെ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖുത്ബകൾ ചെയ്തിരുന്നു. ഒരു ഗ്രന്ഥവും എഴുതിച്ചിരുന്നു. ഞാൻ പറഞ്ഞതുപോലെ ഓരോ കാലത്തും ഇതുണ്ടായിക്കൊണ്ടിരിക്കുന്നതാണ്. കഴിഞ്ഞ വർഷത്തിന്റെ തുടക്കത്തിലും നബി(സ)യുടെ ജീവിതത്തെക്കുറിച്ച് വിമർശിച്ചുകൊണ്ട് ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. അന്ന് ഞാൻ ജമാഅത്തിനോടും നമ്മുടെ പോഷകസംഘടനകളോടും ലേഖനങ്ങൾ എഴുതാനും കത്തുകളെഴുതാനും അവരുമായിട്ടുള്ള ബന്ധം വിശാലമാക്കാനും നബി(സ)യുടെ ജീവിതത്തിന്റെ സവിശേഷഗുണങ്ങളും സൗന്ദര്യവും വിവരിക്കാനും പറഞ്ഞിരുന്നു. ഇത് നബി(സ) തിരുമേനിയുടെ ജീവിതത്തിന്റെ സുന്ദരമായ വശങ്ങളെ ലോകത്തിന് കാണിച്ചുകൊടുക്കേണ്ട പ്രശ്നമാണ്. ഇത് സാധനസാമഗ്രികൾ നശിപ്പിക്കുന്നതുകൊണ്ട് ലഭിക്കുകയില്ല. അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിലെ ഓരോ പ്രായക്കാരും ഓരോ രാജ്യത്തുമുള്ള വിദ്യാസമ്പന്നരും ബുദ്ധിമാന്മാരുമായ മറ്റു മുസ്ലിംകളേയും ഇതിൽ പങ്കെടുപ്പിക്കുക. സമാധാനപരമായ നിലയിൽ നിങ്ങളും ഇങ്ങനെ പ്രതികരിക്കാനും പത്രപ്രവർത്തകരുമായിട്ടുള്ള ബന്ധം വിശാലമാക്കാനും ലേഖനങ്ങൾ എഴുതാനും അവരോടു പറയുക. ഇങ്ങനെ ഓരോ രാജ്യത്തും ഓരോ പ്രായക്കാരിലും ന്യായപൂർത്തി അഥവാ ഹുജ്ജത്ത് പൂർത്തിയാകുന്നതാണ്. എന്നിട്ടും ആരെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ ചെയ്താൽ, അയാളുടെ കാര്യം അല്ലാഹുവുമായിട്ടാണ്. അല്ലാഹു, നബി(സ) തിരുമേനിയെ '***റഹ്മത്തുല്ലിൽ ആലമീൻ***' മഴുലോകത്തിനും കാരുണ്യമായിട്ടാണ് അയച്ചത്. അല്ലാഹു പറയുന്നു: ***വമാ അർസൽനാക്ക ഇല്ലാ റഹ്മത്തല്ലിൽ ആലമീൻ***. നാം നിന്നെ മുഴുലോകത്തിനും കാരുണ്യമായിട്ടാണ് അയച്ചിട്ടുള്ളത്. കാരുണ്യം വിതരണം ചെയ്യുന്നതിൽ അവിടത്തെക്കാൾ വലിയ വ്യക്തി ആരും മുമ്പുണ്ടായിട്ടില്ല. ഇനിയൊട്ട് ഉണ്ടാകുകയുമില്ല. അവിടത്തെ മാതൃക എന്നെന്നേക്കുമായി നിലനില്ക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കാൻ ഓരോ മുസ്ലിമും ശ്രമിക്കേണ്ടതാണ്. അതിലും ഏറ്റവും വലിയ ഉത്തരാവദിത്തം അഹ്മദികൾക്കുണ്ട്.

നബി(സ) തിരുമേനി ലോകത്തിന് മുഴുവൻ കാരുണ്യമായിരുന്നു. ഇക്കൂട്ടർ നബി(സ)യെ മോശമായി ചിത്രീകരിക്കുന്നു. ഇത്തരം ഘട്ടത്തിൽ നബി(സ)യുടെ സ്നേഹത്തിന്റേയും പ്രിയത്തിന്റേയും കാരുണ്യത്തിന്റേയും മാതൃകയെക്കുറിച്ച് നാം ലോകത്തിന് പറഞ്ഞുകൊടുക്കേണ്ടതാണ്. അതു പറഞ്ഞുകൊടുക്കുന്നതിന് മുസ്ലിംകൾക്ക് അവരുടെ നടപടികൾ മാറ്റേണ്ടതായി വരുമെന്നുള്ളത് വ്യക്തമാണ്. നബി(സ) തിരുമേനി ഭീകരപ്രവർത്തനമോ ബലാൽക്കാരപൂർവ്വം യുദ്ധമോ ചെയ്തിട്ടില്ല. മറിച്ച്, യുദ്ധങ്ങളിൽനിന്ന് അകന്നുനില്ക്കാനാണ് എപ്പോഴും ശ്രമിച്ചിട്ടുള്ളത്. മദീനയിൽ വന്നതിനുശേഷം യുദ്ധം അടിച്ചേല്പിച്ചപ്പോഴാണ് അവിടന്ന് അതിനെ പ്രതിരോധിച്ചത്. അപ്പോൾ അല്ലാഹുവിന്റെ കല്പനപ്രകാരം യുദ്ധം ചെയ്യേണ്ടിവന്നു. എന്നാൽ, അവിടെയുണ്ടായിരുന്ന കല്പന എന്തായിരുന്നു. ***വ ഖാത്തിലൂ ഫീ സബീലില്ലാഹില്ലദീന യുഖാത്തിലൂനക്കും വലാ തഅ്തദൂ. ഇന്നല്ലാഹ ലാ യുഹിബ്ബുൽ മുഅ്ത്തദീൻ*** അല്ലയോ മുസ്ലിംകളേ! നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ലതന്നെ. (*2:191*)

തന്നിൽ ഇറങ്ങുന്ന കല്പനകളനുസരിച്ച് ഏറ്റവും കൂടുതൽ പ്രവർത്തിച്ചിരുന്ന വ്യക്തിയായിരുന്നു നബി(സ) തിരുമേനി. അത്തരം വ്യക്തിയെക്കുറിച്ച് ഈ രീതിയിൽ ചിത്രീകരിക്കുന്നത് അങ്ങേയറ്റം അക്രമമാണ്. എന്തായാലും അവർ മാപ്പു ചോദിച്ചുവെന്ന് പറയുന്നു. നമ്മുടെ മുബല്ലിഗുസാഹിബും ഒരാൾ മാപ്പുചോദിച്ചു എന്നറിയിച്ചിട്ടുണ്ട്. മറ്റുള്ള മുസ്ലിംകളുടെ ആവേശം ഉയരുകയാണ്. അവർ ഹർത്താൽ നടത്തുന്നു. വസ്തുക്കൾ തല്ലി ഉടയ്ക്കുന്നു. ഈ സംഭവത്തിനുശേഷം പെട്ടെന്നുണ്ടാകേണ്ടിയിരുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതികരണം ഉണ്ടായിക്കഴിഞ്ഞു. മറ്റുള്ള മുസ്ലിംകളുടെ പ്രതികരണം ഹർത്താലുകളും സാധനസാമഗ്രികൾ നശിപ്പിക്കലുമാണ്. അഹ്മദികൾ എന്താണ് പ്രതികരിച്ചത്. അവർ ഉടനെതന്നെ ആ പത്രക്കാരുമായി ബന്ധം സ്ഥാപിച്ചു. 2006 ഫെബ്രുവരിയിൽ ഹർത്താൽ നടത്തുന്നത് കാണുമ്പോൾ ഇത് ഇപ്പോൾ നടന്നതാണെന്ന് തോന്നാം. എന്നാൽ, ഇതിപ്പോൾ നടന്ന സംഭവമല്ല. ഇതുകഴിഞ്ഞവർഷം സെപ്തംബറിൽ നടന്ന സംഭവമാണ്. ആ സമയത്ത് നമ്മൾ എന്താണ് ചെയ്തത്. ഞാൻ പറയുകയുണ്ടായി ഇത് സെപ്തംബറിന്റെ അവസാനമോ ഒക്ടോബറിന്റെ ആദ്യമോ നടന്ന സംഭവമാണ്. നമ്മുടെ മുബല്ലിഗ് പെട്ടെന്നുതന്നെ വിശദമായ ഒരു ലേഖനം തയ്യാറാക്കി കാർട്ടൂൺ പ്രസിദ്ധീകരിച്ച പത്രത്തിനയച്ചുകൊടുത്തു. കാർട്ടൂൺ പ്രസിദ്ധീകരിച്ചതിൽ പ്രതിഷേധം അറിയിച്ചു. ജാഥ നടത്തുകയല്ല മറിച്ച്, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങൾ അനുസരിച്ച്, തൂലിക മുഖേന നിങ്ങ

ളുമായി ജിഹാദ് ചെയ്യുമെന്നും അറിയിച്ചു. ആവിഷ്കാര സ്വാതന്ത്ര്യം എന്തായാലുമുണ്ട്. പക്ഷേ, അതിനർത്ഥം മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുക എന്നതല്ല.

മുബല്ലിഗ് സാഹിബ് അയച്ചുകൊടുത്ത ലേഖനം ആ പത്രം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഡാനിഷ് ജനതയിൽനിന്ന് വളരെ നല്ല പ്രതികരണമാണുണ്ടായത്. കാരണം ഫോണിലൂടെയും കത്തുകളിലൂടെയും നമ്മുടെ ലേഖനത്തെക്കുറിച്ചുള്ള അഭിപ്രായം മിഷൻഹൗസിലെത്തുകയുണ്ടായി. ഒരുപാടാളുകൾ അതിഷ്ടപ്പെട്ടു. പിന്നീട് ജേർണലിസ്റ്റ് യൂണിയന്റെ പ്രസിഡന്റിൽനിന്ന് അവിടെ നടത്തുന്ന ഒരു മീറ്റിംഗിൽ പങ്കെടുക്കാനുള്ള ക്ഷണം നമുക്കു കിട്ടി. ആ മീറ്റിംഗിൽ നമ്മൾ പങ്കെടുത്തു. നിങ്ങൾക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം നിങ്ങളുടെ നിയമം അനുവദിക്കുന്നുവെന്നത് ശരിതന്നെയെന്നും എന്നാൽ അതിന്റെ ഉദ്ദേശ്യം മറ്റുമതങ്ങളുടെ ഗുരുക്കന്മാരേയും ആദരണീയവ്യക്തികളേയും നിന്ദിക്കുകയല്ലെന്നും ആ മീറ്റിംഗിൽ നമ്മുടെ പ്രതിനിധി തുറന്നുപറഞ്ഞു. മുസ്ലിംകളും ക്രിസ്ത്യാനികളും ഒന്നിച്ചുകഴിയുന്ന സ്ഥലത്ത് പ്രത്യേകിച്ചും അവരുടെ വികാരങ്ങളെ ഗൗനിക്കേണ്ടത് അത്യാവശ്യമാണ്. ഇതുകൂടാതെ സമാധാനം സ്ഥാപിതമാകുകയില്ല.

നബി(സ) തിരുമേനിയുടെ അദ്ധ്യാപനം എത്ര മനോഹരമാണെന്നും അവിടത്തെ ജീവിതമാതൃക എത്ര സുന്ദരമാണെന്നും അവിടന്ന് എത്രവലിയ ധാർമ്മികതയുടെ ഉടമസ്ഥനാണെന്നും ദൈവസൃഷ്ടികളോടുള്ള പെരുമാറ്റത്തിൽ അവിടന്ന് അനുകമ്പയുടെ പ്രതീകമാണെന്നും അവർക്ക് തെളിവുസഹിതം പറഞ്ഞുകൊടുത്തപ്പോൾ, അത്തരം വ്യക്തിയെക്കുറിച്ച് ഈ രീതിയിൽ കാർട്ടൂൺ വരച്ച് പ്രസിദ്ധീകരിക്കുന്നത് അനുവദനീയമാണോ എന്ന് അവരോട് ചോദിച്ചപ്പോൾ അവർക്ക് കാര്യം മനസ്സിലായി. അവർക്ക് നമ്മുടെ മിഷണറിയുടെ സംസാരം ഇഷ്ടപ്പെടുകയും അതിനെ പ്രശംസിക്കുകയും ചെയ്തു. ഇത്തരം മീറ്റിംഗ് ആദ്യമേ ചേർന്നിരുന്നുവെങ്കിൽ, ഒരിക്കലും താൻ ഈ കാർട്ടൂൺ വരയ്ക്കുമായിരുന്നില്ലെന്ന് കാർട്ടൂണിസ്റ്റ് പരസ്യമായി പറഞ്ഞു. എല്ലാം വിശദീകരിച്ചപ്പോഴാണ്, ഇസ്ലാമിന്റെ അധ്യാപനമെന്താണെന്ന് അദ്ദേഹത്തിന് മനസ്സിലായത്. ഇത്തരം ബന്ധങ്ങൾ നിലനിറുത്തേണ്ടതാണെന്ന് അവിടെ കൂടിയവരെല്ലാം പറഞ്ഞു. യൂണിയന്റെ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രസ്സ് റിപ്പോർട്ടും എല്ലാവരേയും കേൾപ്പിക്കുകയുണ്ടായി. ടിവിയിൽ ഇന്റർവ്യൂ സംപ്രേഷണം ചെയ്തു. അതും വളരെ നന്നായി. പിന്നീട് മന്ത്രിയുമായും മീറ്റിംഗുണ്ടായിരുന്നു. ജമാഅത്ത് ഇങ്ങനെയൊക്കെ പരിശ്രമിക്കുന്നു. മറ്റു രാജ്യങ്ങളിലും ഈ രീതിയിൽ പ്രവർത്തനം നടക്കുന്നു. എന്തായാലും, എവിടെയാണോ ഇതിന്റെ അടിത്തറ അവിടെ ജമാഅത്ത് ഒരുപാട് പ്രവർത്തിക്കുകയുണ്ടായി. പക്ഷേ, ഈ കാർട്ടൂൺ വരയ്ക്കാനുള്ള കാരണം, ഇവിടെ ഡൻമാർക്കിൽ ഒരുഡാനിഷ് എഴുത്തുകാരൻ 'ഖുർആനും മുഹമ്മദ്നബിയുടെ ജീവിതവും' എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. അത് ജമാഅത്തിന് കിട്ടിയിട്ടുണ്ട്. ഈ ഗ്രന്ഥകാരൻ മുഹമ്മദ് നബിയുടെ ചിത്രങ്ങൾ വരച്ചയക്കാൻ പരസ്യം ചെയ്തിരുന്നു. ചിലർ ചിത്രങ്ങൾ വരച്ചു. ഇതിന് മുസ്ലിംകൾ ശക്തമായി പ്രതികരിക്കുമെന്നും അവർ അഭിപ്രായപ്പെട്ടിരുന്നു. ഈ ഗ്രന്ഥമാണ് ഈ കാർട്ടൂണിന് കാരണമായത്. ഇതുണ്ടാകാതിരിക്കാൻ എല്ലായിടത്തും നാം ശ്രമം നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ആക്ഷേപകരമായ കാര്യങ്ങൾ പഠിച്ച് സമർപ്പിക്കേണ്ടതാണ്.

ഡന്മാർക്കിൽ മറ്റൊരു കാര്യംകൂടി പറഞ്ഞുവരുന്നുണ്ട്. ഞങ്ങൾ പ്രസിദ്ധീകരിക്കാത്ത കാർട്ടൂൺ കാണിച്ച് മുസ്ലിംലോകത്തെ ഉത്തേജിപ്പിക്കാനുള്ള ശ്രമം ചില മുസ്ലിംകൾ നടത്തി എന്നതാണത്. ഇത് സത്യമാണോ അല്ലേ എന്നൊന്നും അറിയില്ല. എന്തായാലും നമ്മുടെ ശ്രമഫലമായി തങ്ങൾ ചെയ്തത് തെറ്റായിപ്പോയെന്നുള്ള ബോധം അവർക്കുണ്ടായിട്ടുണ്ട്. നമ്മൾ ഇതിനെ ആദ്യമേതന്നെ വേണ്ടതുപോലെ പ്രതികരിച്ചു. ഇപ്പോഴാണ് മുസ്ലിം ഭൂരിപക്ഷത്തിന് ഇത് മനസ്സിലാക്കുന്നത്. ഇത് മൂന്നുമാസം മുമ്പേ നടന്ന സംഭവമാണെന്നോർക്കുക. ഓരോ രാജ്യത്തും നബി(സ)യുടെ സംശുദ്ധ ജീവിതം പ്രചരിപ്പിക്കേണ്ട ആവശ്യമുണ്ട്. പ്രത്യേകിച്ച്, ഇസ്ലാം യുദ്ധം വിഭാവന ചെയ്യുന്ന മതമാണെന്നുള്ള ധാരണ പരക്കെ ഉണ്ട്. ഈ ധാരണയെ സപ്രമാണം ഖണ്ഡിക്കേണ്ടതു നമ്മുടെ ബാധ്യതയാണ്. പത്രങ്ങളിൽ കൂടുതൽ കൂടുതൽ ലേഖനങ്ങൾ എഴുതാൻ മുമ്പും ഞാൻ പറഞ്ഞുവന്നതാണ്. പത്രപ്രവർത്തകർക്കും എഴുത്തുകാർക്കും നബി(സ) തിരുമേനിയുടെ ജീവിതത്തെക്കുറിച്ചുള്ള പുസ്തകവും അയച്ചുകൊടുക്കേണ്ടതാണ്. വരുംകാലത്തേക്കുള്ള ഒരു പദ്ധതി എന്ന നിലയിൽ പറയുകയാണ്, യുവാക്കൾ ജേർണ്യലിസം പഠിക്കാൻ അധികമധികം പരിശ്രമിക്കണം. അവർക്കിതിൽ കൂടുതൽ താല്പര്യമുണ്ടാക്കേണ്ടതാണ്. ഇത് ജമാഅത്തുകൾ പ്ലാൻ ചെയ്യണം. പത്രങ്ങളുടെ ഉള്ളിലും ഈ സ്ഥലങ്ങളിലും ജനങ്ങളിലും നമ്മുടെ സാന്നിദ്ധ്യം നിലനിർത്താൻ ഇത് വേണ്ടതാണ്.

കാരണം ഇവരുടെ ഈ പ്രവർത്തനം ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കും. മാധ്യമങ്ങളുമായി വിശാലമായ ബന്ധമുണ്ടായെങ്കിലേ ഇത്തരം പ്രവണതകളെ തടയാൻ കഴിയുകയുള്ളൂ. പിന്നേയും ആരെങ്കിലും ഇതിന് മുതിർന്നാൽ ഈ ലോകത്തും പരലോകത്തും ശാപം ചൊരിഞ്ഞവരുടെ കൂട്ടത്തിൽ അവർ പെടുന്നതാണ്. അല്ലാഹു പറയുന്നു

إِنَّ الَّذِينَ يُؤْذُونَ اللَّهَ وَرَسُولَهُ لَعَنَهُمُ اللَّهُ فِي الدُّنْيَا وَالْآخِرَةِ وَأَعَدَّ لَهُمْ عَذَابًا مُهِينًا

അല്ലാഹുവിനേയും അവന്റെ ദൂതനേയും ശല്യപ്പെടുത്തുന്നവരാരോ നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്. (33:58)

ഈ കല്പന അവസാനിച്ചുപോയിട്ടില്ല. നമ്മുടെ നബി(സ) ജീവിക്കുന്ന നബിയാണ്. അവിടത്തെ അദ്ധ്യാപനം നിത്യജീവൻ പ്രദാനം ചെയ്യുന്ന അദ്ധ്യാപനമാണ്. അവിടത്തെ ന്യായപ്രമാണം എക്കാലത്തേയും പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന ന്യായപ്രമാണമാണ്. നബി(സ)യെ പിൻപറ്റുന്നതു കൊണ്ട് അല്ലാഹുവിന്റെ സാമീപ്യം സംപ്രാപ്തമാകുന്നു. നബി(സ)നെ വിശ്വസിക്കുന്നവരെ ബുദ്ധിമുട്ടിക്കുന്ന കുത്സിതശ്രമം അല്ലാഹു കാണുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യം ജനങ്ങളെ അറിയിക്കേണ്ടത് നമ്മുടെ നിർബന്ധ കടമയാണ്. ഈ പീഡനങ്ങൾക്ക് ശിക്ഷ നൽകാൻ അല്ലാഹുവിന് ഇന്നും കഴിവുണ്ടെന്നും അതിനാൽ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അധിക്ഷേപിക്കുന്നതിൽനിന്ന് പിന്മാറാനും അവരോട് പറയണം. ഇതിനുവേണ്ടി വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തേയും നബി(സ)ന്റെ ജീവിതത്തേയും കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം. അതിനോടൊപ്പംതന്നെ നമ്മുടെ കർമ്മവും നന്നാക്കിത്തീർക്കേണ്ടതാണ്. കാരണം നമ്മുടെ കർമ്മങ്ങൾ മാത്രമേ ലോകത്തിന്റെ വായ അടപ്പിക്കുകയുള്ളൂ. ഡന്മാർക്കിൽ മറ്റു മതക്കാർക്കുള്ള ആക്ഷേപവും ഇതുതന്നെയാണ്. നമ്മോടൊന്ന് പറയുന്നു അവിടെ പോയി വേറൊന്ന് ചെയ്യുന്നു. ജനങ്ങളെ ഇളക്കിവിടുന്നു എന്നൊക്കെയാണ് അവരുടെ പരാതി. അതുകൊണ്ട് നമ്മുടെ ഉള്ളും പുറവും വാക്കും പ്രവൃത്തിയും ഒന്നാക്കിക്കൊണ്ട് പ്രാവർത്തികമായ നിലയിൽ മാതൃക കാണിക്കേണ്ടതാണ്.

മുസ്ലിംകളെന്ന് പറയുന്നവരോട് ഞാൻ പറയുകയാണ്. അഹ്മദിയാണോ ശിയായാണോ സുന്നിയാണോ അല്ലെങ്കിൽ മറ്റേതെങ്കിലും മുസ്ലിം കക്ഷിയിൽപ്പെട്ട ആളോ ആരുമായിക്കൊള്ളട്ടെ നബി(സ) തിരുമേനിയുടെ വ്യക്തിത്വത്തിനുമേൽ ആക്രമണമുണ്ടാകുമ്പോൾ താൽക്കാലികമായി ആവേശം കൊള്ളുന്നതിനും കൊടികത്തിക്കുന്നതിനും നശീകരണത്തിനും എംബസിയുടെമേൽ ആക്രമണം നടത്തുന്നതിനു പകരം സ്വന്തം കർമ്മം നന്നാക്കിത്തീർക്കുക. അന്യർക്ക് വിരൽചൂണ്ടാവുന്ന അവസരം കൊടുക്കാതിരിക്കുക. ഈ കൊള്ളിവയ്പ് കൊണ്ട് മനസ്സിലാക്കേണ്ടത് നബി(സ)തിരുമേനിയുടെ ആദരവും സ്ഥാനവും നഊദുബില്ലാ ഇത്രമാത്രമാണെന്നാണോ? കൊടി കത്തിച്ചുകൊണ്ടും ഏതെങ്കിലും സ്ഥാപനത്തിലെ സാധനങ്ങൾ നശിപ്പിച്ചുകൊണ്ടും പകരംവീട്ടിയെന്നാണോ? ഇങ്ങനെയല്ല, തീ അണയ്ക്കാൻ വന്ന നബി(സ)തിരുമേനിയെ വിശ്വസിക്കുന്നവരാണ് ഞങ്ങൾ. സ്നേഹത്തിന്റെ സ്ഥാനപതിയായിക്കൊണ്ടാണ് അവിടന്ന് വന്നത്. ആ മഹാത്മാവ് സമാധാനത്തിന്റെ രാജകുമാരനായരുന്നു. കഠിനമായ തീരുമാനമെടുക്കുന്നതിന് പകരം ജനങ്ങൾക്ക് കാര്യം പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുക. അവിടന്ന് കൊണ്ടുവന്ന മനോഹരമായ അദ്ധ്യാപനങ്ങളെക്കുറിച്ച് പറഞ്ഞുകൊടുക്കുക. അല്ലാഹു മുസ്ലിംകൾക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. പക്ഷെ, ഞാൻ അഹ്മദികളോട് പറയുകയാണ്. അവർക്ക് മനസ്സിലാവുകയോ മനസ്സിലാകാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ, എന്നാൽ നിങ്ങളിൽ ഓരോരുത്തരും ഓരോ കുട്ടിയും ഓരോ വൃദ്ധനും ഓരോ യുവാവും ഓരോ പുരുഷനും ഓരോ സ്ത്രീയും ഒരിക്കലും അണയാത്തനിലയിൽ തീകൊളുത്തുന്ന കൂട്ടരിൽ ഉൾപ്പെടേണ്ടതാണ്. ഏതെങ്കിലും രാജ്യത്തിന്റെ കൊടിക്കോ വസ്തുക്കൾക്കോ കൊളുത്തുന്ന തീയാകരുത് അത്. അത് അല്പനിമിഷംകൊണ്ട് അണഞ്ഞുപോകും. പാക്കിസ്ഥാനിലെ ഒരു ചിത്രം ഞാൻ കണ്ടു. അതിൽ ജനങ്ങൾ ആവേശത്തിമിർപ്പോടെയാണ് തീ കൊളുത്തുന്നത്. ആ തീ അഞ്ച് മിനിറ്റിനുള്ളിൽ കെട്ടടങ്ങുന്നതാണ്. എന്നാൽ നമ്മൾ കൊളുത്തുന്ന തീ എന്നും ജ്വലിച്ചുകൊണ്ടിരിക്കുന്ന തീയായിരിക്കണം. ആ തീ എന്താണ്? അത് നബി(സ) തിരുമേനിയോടുള്ള ഇഷ്ടത്തിന്റെയും സ്നേഹത്തിന്റേയും തീയാണ്. അത് അവിടത്തെ എല്ലാ മാതൃകയും സ്വായത്തമാക്കാനും ജനങ്ങളെ കാണിക്കാനുമുള്ള തീയാണ്. ആ തീ ഹൃദയങ്ങളിലും നെഞ്ചകങ്ങളിലും കൊളുത്തപ്പെട്ടാൽ അത് കെടാതെ നിലനില്ക്കണം. ഈ തീ ദുആ കൊണ്ട് ജ്വലിച്ചുയർന്ന് ആകാശംമുട്ടെ എത്തിക്കൊണ്ടിരിക്കണം. ഈ തീയാണ് ഓരോ

അഹ്മദിയും തങ്ങളുടെ ഹൃദയങ്ങളിൽ കൊളുത്തേണ്ടത്. നമ്മുടെ ദുഃഖത്തെ ദുആകളിൽ വാർത്തെടുക്കണം. അതിനും മദ്ധ്യസ്ഥത മുഹമ്മദ് നബി(സ) തന്നെയായിരിക്കും. സ്വന്തം ദുആയുടെ സ്വീകാര്യത്തിനും അല്ലാഹുവിന്റെ സ്നേഹത്തെ ആകർഷിക്കുന്നതിനും ദുനിയാവിലെ നിരർത്ഥകമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും ഇത്തരം ഫിത്നകളിൽനിന്നുള്ള സുരക്ഷിതത്വത്തിനും നബിതിരുമേനിയോടുള്ള സ്നേഹം ഹൃദയത്തിൽ ഊട്ടിയുറപ്പിക്കുന്നതിനും ഇഹപരലോകങ്ങൾ ഒരുക്കുന്നതിനും വേണ്ടി നബിയുടെമേൽ എണ്ണമറ്റ നിലയിൽ സ്വലാത്ത് ചൊല്ലേണ്ടതാണ്. അധികമധികമായി സ്വലാത്ത് ചൊല്ലേണ്ടതാണ്. ഫിത്നകൾ നിറഞ്ഞ ഇക്കാലത്ത് സ്വയം നബി(സ)യുടെ സ്നേഹത്തിൽ മുങ്ങിനില്ക്കുന്നതിനും തലമുറയെ ഇസ്ലാം-അഹ്മദിയ്യത്തിൽ ഉറപ്പിച്ചുനിർത്തുന്നതിനും ഓരോ അഹ്മദിയും അല്ലാഹുവിന്റെ ഈ കല്പന കണിശമായും പാലിക്കേണ്ടതാണ്.

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ
آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളെ അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർത്ഥിക്കുക. (33:57)

നബി(സ) തിരുമേനി ഒരിക്കൽ പറഞ്ഞു: അല്ലാഹുവും അവന്റെ മലക്കുകളും അനുഗ്രഹങ്ങൾ ആശംസിക്കുന്നതുതന്നെ എനിക്കു മതിയായതാണ്. നിങ്ങൾക്കുള്ള ഈ കല്പന നിങ്ങളെ സുരക്ഷിതരാക്കിവയ്ക്കുന്നതിനുവേണ്ടിയാണ്. നമ്മുടെ ദുആ സ്വീകരിക്കപ്പെടുന്നതിനുവേണ്ടി സ്വലാത്ത് ചൊല്ലേണ്ട ആവശ്യമുണ്ട്. നബി(സ)യുടെ സ്ഥാനത്തിന് ഭംഗം വരുത്താനായി ഇക്കൂട്ടർഡ എത്ര പരിഹസിച്ചാലും അല്ലാഹുവും അവന്റെ മലക്കുകളും ആശംസകൾ അർപ്പിച്ചുകൊണ്ടിരിക്കുന്ന കാരണത്താൽ എതിരാളികൾ ഒരിക്കലും വിജയിക്കുകയില്ലെന്ന് ഈ വചനത്തിന്റെ ആദ്യഭാഗത്തുനിന്ന് മനസ്സിലാകുന്നു. നബിതിരുമേനിയുടെമേൽ ആക്ഷേപം ഉതിർക്കുന്നതുകൊണ്ട് ഇവർക്കൊരിക്കലും ഒന്നും ലഭിക്കുകയില്ല. ഇൻശാഅല്ലാഹു ഇസ്ലാം വളരേണ്ടതുതന്നെയാണ്. ലോകത്തിന്റെമേൽ വിജയം വരിക്കേണ്ടതാണ്. മുഴുലോകത്തും നബി(സ)യുടെ പതാക പറത്തേണ്ടതുമാണ്. ഞാൻ പറഞ്ഞതുപോലെ ഇക്കാലഘട്ടത്തിൽ അവിടത്തെ സത്യസന്ധനായ പ്രേമി ഹസ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അല്ലാഹു ഇത് വിധിയെഴുതിയിരിക്കുകയാണ്. മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ)യുടെ ഒരു ഉദ്ധരണി കേൾപ്പിക്കാം. അദ്ദേഹം പറയുന്നു ഒരിക്കൽ ഞാൻ നേരിട്ട് ഹസ്റത്ത് ഇമാം(അ)മിൽനിന്ന് കേട്ടു. അവിടന്ന് പറയാറുണ്ടായിരുന്നു, സ്വലാത്ത് മുഖേന അത് അധികമായി ചൊല്ലിയകാരണത്താലാണ് അല്ലാഹു എനിക്ക് ഈ സ്ഥാനം നല്കിയത്. പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹം അത്ഭുതകരമായ പ്രകാശത്തിന്റെ രൂപത്തിൽ നബി(സ) തിരുമേനിയിലേക്ക് പോകുന്നു. അവിടെ ചെന്നിട്ട് അത് നബിയുടെ നെഞ്ചകത്ത് പറ്റിപ്പിടിക്കുന്നു. പിന്നീട് അവിടെനിന്ന് പുറപ്പെട്ട് അസംഖ്യം ചാലുകളായി പിരിയുന്നു. അത് ഓരോരുത്തർക്കും അർഹമായ നിലയിൽ എത്തുന്നു. തീർച്ചയായും ഒരു അനുഗ്രഹവും നബിതിരുമേനി കൂടാതെ ആർക്കും ലഭിക്കുകയില്ല. പിന്നീട് പറയുന്നു സ്വലാത്ത് എന്താണ്? പ്രകാശത്തിന്റെ ചാലുകൾ പുറപ്പെടുന്ന നബി(സ) തിരുമേനിയുടെ അരശിനെ ചലിപ്പിക്കുക എന്നതാണത്. ആരാണോ അല്ലാഹുവിനെ അനുഗ്രഹം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നത് അയാൾ നിർബന്ധമായും അധികമധികമായി സ്വലാത്ത് ചൊല്ലേണ്ടതാണ്.

ഇക്കാലത്തെ എല്ലാവിധ ഫിത്നകളിൽനിന്നും രക്ഷപ്പെടുന്നതിനും നബിതിരുമേനിയോടുള്ള സ്നേഹം ഹൃദയത്തിൽ എന്നെന്നും നിലനിർത്തുന്നതിനും അവിടന്ന് കൊണ്ടുവന്ന അദ്ധ്യാപനം ലോകത്ത് പ്രചരിപ്പിക്കുന്നതിനും അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അവിടത്തെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടും അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ടും അവനോട് സഹായം തേടിക്കൊണ്ടും അവന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകാനും അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 10.2.2006 at Baitul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala